**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1657** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ശുചീകരണ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. പി. കെ. ഫിറോസ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. സി. കെ. കാസിം

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** മഴക്കാലത്ത് സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാതിരിക്കാൻ എന്തെല്ലാം ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 25.02.2026 ലെ WM3/40/2026-LSGDനമ്പർ സർക്കുലർ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളേയും, മിഷനുകളേയും ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ടി സർക്കുലർ പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്

മഴക്കാലത്ത് വെള്ളപ്പൊക്കം (വെള്ളക്കെട്ട്), കടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം, കൃത്യമല്ലാത്ത ക്ലോറിനേഷൻ തുടങ്ങിയ കാരണങ്ങളാൽ കൊതുക് വർദ്ധിക്കുന്നതിന് അനുകൂലമായ സാഹചര്യം ഉണ്ടാകുന്നു. ഇതിന്റെ ഫലമായി മഴക്കാലമായതോടെ വിവിധ തരം രോഗബാധിതരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏപ്രിൽ മാസം മുതൽ തന്നെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. കൂടാതെ, രോഗങ്ങൾ വരാതിരിക്കാനും അവയുടെ ആദ്യഘട്ട വ്യാപനം തടയുന്നതിനുമുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നവംബർ ഒന്ന് വരെ തുടരുന്നതിനായി പുതുക്കിയ കർമ്മപദ്ധതി (Action Plan) പുറത്തിറക്കിയിട്ടുണ്ട്.

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 20,219 വാർഡുകളിൽ ശുചിത്വ സമിതികൾ രൂപീകരിക്കുകയും, 20038 വാർഡുകളിൽ സമിതി യോഗങ്ങൾ ചേരുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 19,952 വാർഡുകളിൽ വാർഡുതല കർമ്മപദ്ധതികൾ തയ്യാറാക്കി. സംസ്ഥാനത്തുടനീളം 17,769 ക്ലീനിംഗ് ഡ്രൈവുകൾ നടത്തുകയും പൊതുസ്ഥലങ്ങൾ വൃത്തിയാക്കുകയും ചെയ്തു. ഈ ഡ്രൈവുകളിലൂടെ മാത്രം 3530 ടൺ മാലിന്യമാണ് നീക്കം ചെയ്തത്. കൂടാതെ, 11985 കിലോമീറ്റർ നീളത്തിൽ തോടുകൾ, നീർച്ചാലുകൾ, ഓടകൾ എന്നിവയും 4,844 കുളങ്ങളും വൃത്തിയാക്കുകയുണ്ടായി. ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി 29,29,580 കിണറുകളിൽ ക്ലോറിനേഷൻ നടത്തി. ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്താകെ 2,154 ജി. വി.പി (GVP -Garbage vulnerable point) കണ്ടെത്തി മാലിന്യം നീക്കം ചെയ്യുകയും ചെയ്തു. ഈ

പ്രവർത്തനങ്ങൾക്കായി ആകെ 25.7 കോടി രൂപയുടെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ,തുടർ പ്രവർത്തനങ്ങൽ നടന്നു വരികയുമാണ്.

**(ബി)** മാലിന്യങ്ങൾ യഥാസമയം മാറ്റുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** വെള്ളപ്പൊക്ക സാധ്യതയുള്ള MCF, RRF കളിൽ മാലിന്യം കുടിക്കിക്കുന്നത് ഒഴിവാക്കുന്നതിനും കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നതിനും എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയതു ജില്ലാ തലത്തിൽ മോണിറ്ററിംഗ് നടത്തുകയും ചെയ്യുന്നു. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലും സർക്കാർ തലത്തിലും അവലോകനം നടത്തി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ പൂർണ്ണമായും സുതാര്യമായി നിരീക്ഷിക്കുന്നതിന് 'ഹരിതമിത്രം' സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു. പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപത്തിനെതിരെയും നിരോധിച്ച സിംഗിൾ യൂസ് പ്ലാസ്റ്റിക്കിനെതിരെയും പരാതിപ്പെടാൻ 9446700800 എന്ന സിംഗിൾ വാട്സ്ആപ്പ് നമ്പറും ഇത് നിരീക്ഷിക്കാൻ LSGD പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂമും സജ്ജമാക്കിയിട്ടുണ്ട്. നിയമലംഘനങ്ങൾ തെളിവ് സഹിതം റിപ്പോർട്ട് ചെയ്യുന്ന പൊതുജനങ്ങൾക്ക് പിഴത്തുകയുടെ 25% റിവാർഡായി നൽകുന്ന സംവിധാനവും നിലവിലുണ്ട്. റിവാർഡ് ഇനത്തിൽ 5,37,218 രൂപ നിയമ ലംഘനങ്ങൾ തെളിവ് സഹിതം റിപ്പോർട്ട് ചെയ്തവർക്ക് പാരിതോഷികമായി നല്ലിയിട്ടുള്ളതാണ്. നിയമലംഘനങ്ങൾ കണ്ടെത്തി നടപടിയെടുക്കുന്നതിനായി തദ്ദേശ സ്ഥാപന തലത്തിലുള്ള എൻഫോഴ്സ്മെന്റ് / വിജിലൻസ് സ്ക്വാഡുകൾ, ബ്ലോക്ക് തലത്തിൽ IVO സ്ക്വാഡുകൾ, കൂടാതെ ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവയും സംസ്ഥാനത്ത് സജീവമായി പ്രവർത്തിച്ചുവരുന്നു.

**(സി)** മാലിന്യ സംസ്കരണത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**